# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4085 16.05.2017 -ൽ മറുപടിക്ക്

**ചരിത്ര പൈതൃക അവബോധം വളർത്തുന്നതിനായി പരിപാടി**

ചോദ്യം

ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.മ്യൂസിയവും തുറമുഖവും

പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ മേഖലകളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിനായി സംഘടിപ്പിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | മലബാർ മേഖലകളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2017 ൽ 'മലബാർ പൈതൃകോത്സവം' കണ്ണൂരിൽസംഘടിപ്പിക്കുന്നതാണ്.കൂടാതെ വിദ്യാലയങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങളിലും വിവിധ പരിപാടികളും എക്സിബിഷനുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതാണ്. പുരാരേഖാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചരിത്ര പ്രദർശനങ്ങൾ,സെമിനാറുകൾ,മലയാള ഭാഷാ സമ്മേളനങ്ങൾ ,ചരിത്ര പഠന യാത്ര, സാംസ്കാരികോത്സവങ്ങൾ ഡോക്യുമെന്ററി പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | സാംസ്കാരിക പൈതൃകോത്സവവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ സംഘടിപ്പിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | മലബാർ പൈതൃകോത്സവത്തിൽ കാസർഗോഡ് ജില്ലയെ പ്രതിനിധീകരിച്ച് വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.കൂടാതെ പ്രസ്തുത പൈതൃകോത്സവത്തിൽ കാസർഗോഡ് ജില്ലയ്ക്ക് പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്. ചരിത്ര പ്രദർശനം, സെമിനാർ സംവാദങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു |
| (സി) | കാസർഗോഡ് ജില്ലയിലെ പുരാരേഖകൾ, പുരാവസ്തുക്കൾ, കലാരൂപങ്ങൾ എന്നിവ | (സി) | കാസർഗോഡ് ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ കോട്ടകൾ |

| | | | | |
|---|---|---|---|---|
| | | സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചന്ദ്രഗിരിക്കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുരാരേഖാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'കമ്മ്യൂണിറ്റി **ആർക്കേവ്സ്"** പദ്ധതി നടപ്പിലാക്കിവരുന്നു.ഇതിലൂടെ ആരാധനാലയങ്ങൾ,സ്ഥാപനങ്ങൾ ,ലൈബ്രറികൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ പക്കലുള്ള രേഖകൾ സൗജന്യമായി സംരക്ഷിച്ച് അതാത് സ്ഥലത്ത് സൂക്ഷിക്കുന്നതാണ്.ചരിത്ര രേഖകളുടെ പ്രാധാന്യംപൊതു ജനങ്ങളിൽ എത്തിക്കുന്നതിന് ചരിത്ര രേഖാ പ്രദർശനം ,സെമിനാർ,ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**